Mr. V. K. Aravindaksha Menon *(Chief Engineer)*:
(*a*) No.
(*b*) This question does not arise in view of answer to (*a*).

BUND IN VALLARPADAM AND PANAMBUKAD

288. Mr. P K. Krishnan *(Nominated)*:

വല്ലാർപാടം പനമ്പുകാട് കൃഷിരക്ഷക്ക് ആവശ്യമായ ബണ്ട് കെട്ടുന്നതിനു ഗവൺമെണ്ട് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പണി കൂടുതൽ താമസിക്കാതെ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

Mr. V. K. Aravindaksha Menon *(Chief Engineer)*:

ഈ പ്രദേശങ്ങളിൽ കൃഷിരക്ഷക്ക് വേണ്ട ബണ്ടുകളും കൃഷിക്കാർതന്നെ ഇട്ടിട്ടുള്ളതുകൊണ്ട് ഗവൺമെണ്ടിൽനിന്നു വേറെ പണികളും ഒന്നും ചെയ്യേണ്ടതില്ല.

മിസ്റ്റർ പി. കെ. കൃഷ്ണൻ: ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട ഗവൺമെണ്ട് വല്ല അന്വേഷണങ്ങളും നടത്തിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അന്വേഷണം നടത്തിയിട്ടാണ് ഇങ്ങിനെ മറുപടി പറഞ്ഞിട്ടുള്ളത്.

മിസ്റ്റർ പി. കെ. കൃഷ്ണൻ: കൃഷിക്കാരിൽനിന്നുതന്നെ ബണ്ടുണ്ടാക്കിത്തരണമെന്ന് ഗവൺമെണ്ടിലേക്ക് അപേക്ഷകളും ലഭിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അപേക്ഷകളും വന്നപ്പോൾ അതിനെപ്പറ്റി അന്വേഷിച്ചു. അവർതന്നെ ബണ്ട് ഇട്ടിട്ടുള്ളതായിട്ടാണ് കണ്ടത്. ഒരു കഴപ്പുമുള്ളതു് കൃഷിക്കാർതന്നെ കൃഷിചെയ്യലും മത്സ്യംപിടിക്കലും രണ്ടുംകൂടി ചെയ്യുവരുന്നുണ്ടെന്നതാണ്. മത്സ്യം പിടിക്കൽ കുറെ കുറച്ച് കൃഷിചെയ്യുകയാണെങ്കിൽ ഈ ബുദ്ധിമുട്ടില്ല.

PRIVATE BUNDS IN VARATTAYAR RIVER

289. Mr. K. S. Panicker *(Ezhuvas-Mukundapuram)*:

ക. വരട്ടയാർ പുഴയിൽ ആകെ എത്ര Private അണക്കെട്ടുസിസ്റ്റം ഉണ്ട്;

ഖ. അവകളും ഏതെല്ലാം; അതുടെ എല്ലാം കൈവശത്തിൽ;

ഗ. അവകളിൽ ഏതെല്ലാം ഇപ്പോൾ ഗവൺമെണ്ട് assume ചെയ്തിട്ടുണ്ട്;

ഘ. ഇപ്പോൾ ഗവൺമെണ്ട് assume ചെയ്യാത്ത അണക്കെട്ടുകളിൽ മറ്റു ഏതെങ്കിലും അണക്കെട്ടുകൂടി assume ചെയ്യണമെന്നു കൃഷിക്കാർ ആക്ഷേപിച്ചിട്ടുണ്ടോ;

ങ. ഉണ്ടെങ്കിൽ ഏതു അണക്കെട്ടിനെക്കുറിച്ചാണ് ആക്ഷേപം;

ച. അതിന്റെ ഉടമസ്ഥന്മാർ ആരാണ്;

ഛ. കൃഷിക്കാരുടെ ഈ ആക്ഷേപങ്ങളെസംബന്ധിച്ചു ഗവൺമെണ്ട് വല്ല നടപടിയും എടുത്തിട്ടുണ്ടോ;

ജ. ഉണ്ടെങ്കിൽ എതെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

ഝ. ഇല്ലെങ്കിൽ എന്തുകൊണ്ട് എടുത്തിട്ടില്ല?

Mr. V. K. Aravindaksha Menon *(Chief Engineer)*:

ക. അഞ്ചു അണക്കെട്ടുകൾ ഉണ്ട്.

ഖ. (എ) സുബ്ബയ്യകൌണ്ടൻ സിസ്റ്റം ചെല്ലകൌണ്ടൻ മുതൽപേരുടെ കൈവശത്തിൽ.

(ബി) പൌലോസ്സോസ സിസ്റ്റം, ഈനാശുമുത്തുമണിക്കാർ മുതൽപേർ കൈവശത്തിൽ.

(സി) ചോണ്ടത്തുസിസ്റ്റം, ചോണ്ടത്തു തറവാട്ടുകാരുടെ കൈവശത്തിൽ.

(ഡി) നഞ്ചമ്മാൾ സിസ്റ്റം, മാണിക്കമുത്തുമണിക്കാർ മുതൽപേർ കൈവത്തിൽ.

(ഇ) അപ്പാവു സിസ്റ്റം, അമ്പാട്ട പത്മനാഭമേനവൻ മുതൽപേർ കൈവശത്തിൽ.

ഗ. പൌലോസ് സോസ സിസ്റ്റവും (ഖ) നഞ്ചമ്മാൾ സിസ്റ്റവും.

ഘ. ഉവ്.

ങ. ബാക്കിയെല്ലാം.

ച. രണ്ടാംചോദ്യത്തിന്റെ മറുപടിയിൽ അടങ്ങിയിട്ടുണ്ട്.

ഛ. ഉവ്.

ജ, ഝ. ഇറിഗേഷൻ ബോർഡിന്റെ അന്വേഷണങ്ങൾ തുടർന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly